

## ജസ്റ്റീസ് ഷാജി പി. ചാലി

എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമായ ശ്രീ. ഷാജി പി. ചാലിയെ ഹൈക്കോടതി ജഡ്ജിയായി നിയമിച്ചതിൽ, ഇടവകയുടെ അഭിനന്ദനം അറിയിക്കുവാൻ ഏപ്രിൽ 12-ാം തീയതി ഞായറാഴ്ച രണ്ടാം കുർബ്ബാനക്കുശേഷം കത്തീഡ്രലിൽ നടന്ന ഹൃസ്വമായ സമ്മേളനത്തിൽ കത്തീഡ്രലിലെ വൈദികരെയും, ട്രസ്റ്റിയെയും കൂടാതെ ബഹു. ജസ്റ്റീസ് ജോൺ മാത്യുവും സ്റ്റേജിലുണ്ടായിരുന്നു.

കത്തീഡ്രൽ വികാരി ബഹു. പി.ഐ. വർഗ്ഗീസച്ചൻ, നമ്മുടെ ഇടവകയിൽനിന്ന് ഹൈക്കോടതി ജഡ്ജിമാരായവരെയെല്ലാം ഓർത്തത് വളരെ അർത്ഥവത്തായി. ബഹു. ജസ്റ്റീസ് കെ.റ്റി. കോശി (കേരളത്തിന്റെ ആദ്യ ചീഫ് ജസ്റ്റീസ്), ജ. എം.യു. ഐസക്ക്, ജ. ജോൺ മാത്യു, ജ. ബഞ്ചമിൻ കോശി, ജ.സുരേന്ദ്രമോഹൻ, ജ. ഷാജി പി. ചാലി എന്നിവർ നമ്മുടെ ഇടവകയിൽ നിന്ന് ഹൈക്കോടതി ജഡ്ജിമാരായി തെരഞ്ഞെടുക്കപ്പെട്ടവരാണ്.

ഇത്രയും ഇടവകാംഗങ്ങൾ സഭയിലെ മറ്റൊരു ഇടവകയിൽനിന്നും ഹൈക്കോടതി ജസ്റ്റീസുമാരായി വന്നിട്ടില്ല എന്നും വർഗ്ഗീസച്ചൻ പറഞ്ഞു.

ബാഹ്യ ഇടപെടലുകളാലുള്ള സമ്മർദ്ദമില്ലാതെ ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ ഷാജിയെ ദൈവം അനുഗ്രഹിക്കട്ടെയെന്നുള്ള ആശംസകളോടെ സമ്മേളനം അവസാനിച്ചു.



## ഭദ്രാസന വിശേഷങ്ങൾ

### സിയോൻ സെമിനാരിയിലെ സംയുക്ത ഓർമ്മപ്പെരുന്നാൾ





കൊച്ചി മെത്രാസനത്തിലെ മുൻ മെത്രാപ്പോലീത്തന്മാരായ അഭി. ശെമവൂൻ മാർ ദീവന്നാസിയോസ്, അഭി. പൗലോസ് മാർ സേവേറിയോസ്, അഭി. യൂഹാനോൻ മാർ സേവേറിയോസ്, അഭി.യാക്കോബ് മാർ പോളികാർപ്പോസ് എന്നീ പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ സംയുക്തമായി മെയ് 15,16 (വെള്ളി, ശനി) തീയതികളിൽ കൊരട്ടി സിയോൻ സെമിനാരിയിൽ നടന്നു. പെരുന്നാളിന് തിരുവനന്തപുരം മെത്രാസനാധിപൻ അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് ഇടവക മെത്രാപ്പോലീത്ത അഭി. യാക്കോബ് മാർ ഐറേനിയോസ് എന്നീ പിതാക്കന്മാർ നേതൃത്വം നൽകി.

## OCYM News



ഈജിപ്റ്റിലെ കോപ്റ്റിക് ഓർത്തഡോക്സ് സഭയിൽ നിന്ന് മലങ്കര ഓർത്തഡോക്സ് സഭ സന്ദർശിക്കുവാനെത്തിയ യുവജനസംഘത്തെ OCYM അംഗങ്ങൾ, സെക്രട്ടറി പി.വൈ. ജെസ്സൻ അച്ചൻ, കെ. കെ. ജോർജ്ജ് എന്നിവർ സ്വീകരിക്കുന്നു.

## സഭാ വിശേഷങ്ങൾ

### അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തയുടെ ചരമ രജതജൂബിലി






മെയ് 10 ന് എറണാകുളം വൈറ്റില ടോക് എച്ച് സ്കൂൾ അങ്കണത്തിൽ പ: കാതോലിക്ക ബാവയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അഭി. യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെ ചരമ രജതജൂബിലിയുടെ ആരംഭം കുറിച്ചു. കേരള ഗവർണർ റിട്ട: ജസ്റ്റിസ് ശ്രീ. പി. സദാശിവം ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ, മാർത്തോമ സഭ അദ്ധ്യക്ഷൻ അഭി: ഡോ. ജോസഫ് മാർത്തോമ മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നടത്തുകയും, പി.എസ്.സി. ചെയർമാൻ കെ.എസ്സ്. രാധാകൃഷ്ണൻ ആശംസ അർപ്പിക്കുകയും ചെയ്ത് ജൂബിലി സമ്മേളനം അത്യുജ്ജ്വലമാക്കി. കൂടാതെ മാർ സേവേറിയോസ് തിരുമേനിയുടെ തെരഞ്ഞെടുത്ത 101 ലേഖനങ്ങളുടെ സമാഹാരമായ "സഞ്ചരിക്കുന്ന ചൂണ്ടുപലക"എന്ന പ്രൗഢ ഗ്രന്ഥം സമ്മേളനത്തിൽ പ്രകാശനം ചെയ്യുകയും, കടബാദ്ധ്യത മൂലം ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്ന ഒരു ജീവകാരുണ്യപ്രവർത്തനം അന്ന് ഉദ്ഘാടനം ചെയ്യപ്പെടുകയും ചെയ്തു.





ലേഖനം നമ്പർ 25

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

**കൈവെപ്പിന്റെ രണ്ടാമത്തെ പ്രാർത്ഥന :**

വി. കുർബ്ബാനയിൽ കർത്താവിന്റെ മുമ്പാകെ നാം തലകുനിച്ച് നിൽക്കണം എന്നുള്ള ആഹ്വാനം മൂന്ന് പ്രാവശ്യമാണുള്ളത്. ഈ മൂന്നു പ്രാർത്ഥനകൾക്ക് കൈവെപ്പിന്റെ പ്രാർത്ഥനയെന്നും പറയുന്നു. പൗരസ്ത്യ സുറിയാനി ആരാധനയും "കൈവെപ്പിനായി നിങ്ങൾ തലകുനിച്ച് വാഴ്വുകൾ സ്വീകരിക്കുവിൻ" എന്നാണ് ചൊല്ലുന്നത്. (തലകുനിക്കുക എന്നുള്ളത് അനുസരണത്തിന്റെ ഏറ്റവും പ്രധാനമായ ഭാവമാണ്). വി. കുർബ്ബാന സ്വീകരിക്കുവാൻ നാം യോഗ്യരല്ല. അയോഗ്യരായ നമുക്ക് ദൈവം തരുന്ന മഹത്തായ ഒരു ദാനമാണ് വി. കുർബ്ബാന. ഇത് നാം സ്വീകരിക്കുന്നത് ദൈവത്തോടുള്ള പൂർണ്ണ അനുസരണത്തിലും വിധേയത്വത്തിലും ആയിരിക്കണം (1 കൊരി. 11:28). കർത്താവും സൃഷ്ടാവും എന്ന നിലയിൽ അവന്റെ മുമ്പാകെ നാം തലകുനിക്കുന്നെന്നു മാത്രമല്ല, തന്റെ വിലയേറിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരായ നാം ദാസ്യത്വത്തിന്റെ അവസ്ഥയിൽ നിന്ന് പുത്രത്വത്തിന്റെ അവസ്ഥയിലേക്ക് ദത്തെടുക്കപ്പെട്ടിരിക്കയാൽ നാം അവന്റെ മക്കളും അവകാശികളുമാണെന്നും, അവന്റെ തിരുവിഷ്ടം നിർവ്വഹിക്കുവാൻ കടപ്പെട്ടവരാണെന്നും അർത്ഥമാക്കുന്നു). ഒന്നാമത്തേത് അനാഫോറയുടെ ആരംഭത്തിൽ സമാധാന ചുംബനത്തിനുശേഷവും, രണ്ടാമത്തേത് കർത്തൃപ്രാർത്ഥനയ്ക്കു ശേഷവും, മൂന്നാമത്തേത് വി. കൂർബ്ബാന അനുഭവിച്ചതിനു ശേഷവുമാണ്. മൂന്ന് പ്രാർത്ഥനകൾക്കും മുമ്പായി സമാധാന ആശംസയും, തലകുനിക്കാനുള്ള നിർദ്ദേശവും ഉണ്ട്. ഓരോ പ്രാവശ്യവും ശുശ്രൂഷകൻ "കൊടുക്കപ്പെട്ടിരിക്കുന്ന പരിശുദ്ധവും, ദിവ്യവുമായ സമാധാനത്തിനു ശേഷം കർത്താവിനു മുമ്പാകെ നാം തലകുനിക്കണം" എന്ന് ഉത്ബോധിപ്പിക്കുന്നു. ഇതിനുത്തരമായി ദൈവീക അനുഗ്രഹം സ്വീകരിക്കുവാൻ ഭക്തിപൂർവ്വം ദൈവമായ കർത്താവിന്റെ മുമ്പാകെ ജനം പ്രതിവാക്യമായി "ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ നിന്റെ തിരുമുമ്പിൽ ഞങ്ങൾ തലകുനിക്കുന്നു" എന്നു പറയുന്നു. ദൈവാനുഗ്രഹത്തിനായി ജനങ്ങളുടെ മേലുള്ള പ്രാർത്ഥനകൾ ആകയാൽ അവയുടെ സമയത്ത് ജനങ്ങൾ തലകുനിച്ചുകൊണ്ട് നിൽക്കുന്നു. കൈവെപ്പിന്റെ ഒന്നും രണ്ടും പ്രാർത്ഥനകൾക്കുശേഷം ത്രിത്വ നാമത്തിലുള്ള ആശീർവാദം നൽകുന്നു. കൈവെപ്പിന്റെ മൂന്നാം പ്രാർത്ഥന അന്തിമ ആശീർവാദവുമായി ("സമാധാനത്താലേ പോകുവിൻ") ബന്ധപ്പെടുത്തി ചിന്തിക്കാവുന്നതാണ്.

തുടർന്ന് പട്ടക്കാരൻ നടത്തുന്ന പ്രാർത്ഥനയിൽ "കർത്താവേ നിന്റെ കരുണയ്ക്കായി തലകുനിച്ചു നിൽക്കുന്ന നിന്റെ ദാസരിൽ വാഴ്വുകൾ അയച്ചുതന്ന്, ഞങ്ങൾ ഏവരേയും വിശുദ്ധീകരിക്കേണമെ. മിശിഹാ തമ്പുരാന്റെ ജീവൻ നൽകുന്ന രഹസ്യങ്ങളിൽ സംബന്ധിക്കുവാൻ ഞങ്ങളെ യോഗ്യരാക്കേണമെ"എന്നപേക്ഷിക്കുന്നു.

വിശ്വാസികളുടെ "ആമ്മീൻ" എന്ന പ്രതിവാക്യത്തിനു ശേഷം പട്ടക്കാരൻ ഒരിക്കൽ കൂടി "നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ"യെന്ന് ആശംസിക്കുന്നു. "അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ" യെന്ന് ജനം ഏറ്റുചൊല്ലുന്നു. പ്രാർത്ഥനയുടെ അവസാനത്തിൽ "ആമ്മീൻ" പറയുന്നതുവരെ ഏവരും തലകുനിച്ചു നിൽക്കേണ്ടതും, അതോടൊപ്പം പട്ടക്കാരൻ ആശീർവദിക്കുകയും യാചിക്കുകയും ചെയ്യുന്ന അനുഗ്രഹങ്ങൾ എന്റെമേൽ ചൊരിഞ്ഞു തരേണമെ എന്നു ധ്യാനിക്കുകയും വേണം. അനുഗ്രഹവചനങ്ങൾ പറയുമ്പോഴൊക്കെയും ദൈവീക കരങ്ങൾ പട്ടക്കാരനിലൂടെ നമ്മുടെ നേൽ വെയ്ക്കപ്പെടുന്നതായി ധ്യാനിച്ച് ഭയഭക്തിയോടെ തലവണങ്ങി നിൽക്കണം.

മൂന്നാമത്തെ റൂശ്മാ : കർത്താവ് ശിഷ്യന്മാരെ ബേഥാന്യവരെ കൂട്ടികൊണ്ടുപോയി, കൈ ഉയർത്തി അവരെ അനുഗ്രഹിച്ച് സ്വർഗ്ഗാരോഹണം ചെയ്തതിനെ സൂചിപ്പിക്കുന്നു (വി. ലൂക്കോ 24:50).

പട്ടക്കാരൻ കാസായുടെ വക്കിലും പിലാസയുടെ വക്കിലും തബ്ലൈത്താമേലും തൊട്ട് ശക്തി ആവാഹിച്ച് സ്വയം കുരിശു വരച്ച്, വടക്കു വശത്തേക്കും, തെക്കുവശത്തേക്കും കുരിശു വരച്ച് വിശ്വാസികളുടെ നേരെ തിരിഞ്ഞ് "വിശുദ്ധിയും, മഹത്വമുള്ളതും സൃഷ്ടിയല്ലാത്ത സ്വയംഭൂവും അനാദ്യന്തവും, സാരാംശത്തിൽ ഒന്നായിരിക്കുന്നതുമായ വി. ത്രിത്വത്തിന്റെ കൃപയും കരുണയും എന്റെ സഹോദരങ്ങളെ നിങ്ങൾ എല്ലാവരുടെയും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ" എന്നുചൊല്ലി മൂന്നു കുരിശുകൾ വരയ്ക്കുന്നു. റൂശ്മ നൽകുന്ന സമയം മുഴുവൻ പട്ടക്കാരന്റെ ഇടതുകൈ തബ്ലൈത്താമേൽ തൊട്ടിരിക്കണം.

മുമ്പുള്ള രണ്ടു റൂശ്മാക്കും മുമ്പ് ഓരോ പ്രാവശ്യമേ "സമാധാനം ഉണ്ടായിരിക്കട്ടെ" എന്നു പറയാറുള്ളു. എന്നാൽ മൂന്നാമത്തെ റൂശ്മാക്ക് മുമ്പ് രണ്ടുതവണ അപ്രകാരം പറയുന്നു. അത് ഉയിർപ്പിനുശേഷം പലപ്പോഴും തന്റെ ശിഷ്യന്മാർക്ക് വെളിപ്പെട്ട് അവർക്ക് സമാധാനം കൊടുത്ത് അവരെ ഉറപ്പിച്ചതിനെ സൂചിപ്പിക്കുന്നു (യോഹ. 20:19,21,26). മൂന്നാമത്തെ ആശീർവാദത്തിനു ശേഷം ശുശ്രൂഷക്കാരൻ ഉച്ചത്തിൽ "ബാറെക്മോർ, ഭയത്തോടും വിറയലോടും കൂടി നാം സൂക്ഷിക്കണം" എന്ന് ആഹ്വാനം ചെയ്യുന്നു.

*(തുടരും...)* ■

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*






Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design&Lay-out : dittografix, printed at Geo print shop, Ernakulam
Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490






PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 9 ISSUE : 06 JUNE 2015


## ഇടയ ലേഖനം

# വെള്ളിയും പൊന്നുമില്ല

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പൊലീത്ത



പരിശുദ്ധാത്മ നിറവ് പ്രാപിച്ച ആദിമസഭയുടെ പ്രവർത്തനശൈലി ശ്രദ്ധാപൂർവ്വം പഠിക്കേണ്ടതാണെന്നു തോന്നുന്നു. പലരേയും, പലതിനേയും, വിശേഷിച്ചും തങ്ങളുടെ ഭാവി ജീവിതത്തേയും പറ്റി ഭയപ്പെട്ടിരുന്ന ക്രിസ്തു ശിഷ്യർക്ക് പൊടുന്നനെ സമ്പൂർണ്ണമായ ഒരു നിർഭയത്വം ലഭ്യമായതുപോലെ. അവർക്ക് ലോകശക്തികളെയും അധികാരകേന്ദ്രങ്ങളെയും അശേഷം ഭയമില്ല. പ്രത്യേകിച്ച് അവരുടെ മനോഭാവങ്ങളിൽ കാതലായതും ഗുണപരവുമായ വ്യത്യാസങ്ങൾ വന്നിരിക്കുന്നതു കാണാം. കുടുംബം, ധനം, ഭാവി, സമൂഹജീവിതം, വ്യക്തിബന്ധങ്ങൾ തുടങ്ങി മനുഷ്യസാമാന്യമായ സംഗതികളിൽ അവരുടെ വീക്ഷണങ്ങൾക്കും ധാരണകൾക്കും സമ്പൂർണ്ണമായ അന്തരമുണ്ടായി. ദേവാലയ കവാടത്തിൽ ഭിക്ഷയാചിച്ചുകൊണ്ടിരുന്നയാൾ അവന് കാലയാപനത്തിനുതകുന്ന ധനസഹായമാണ് അവനഭ്യർത്ഥിച്ചത്. "വെള്ളിയും പൊന്നു"മൊന്നും അവൻ ചോദിച്ചില്ല. അവയിൽനിന്നും അവന്റെ ശ്രദ്ധയെ പിൻതിരിപ്പിക്കുന്നതിനാവാം "വെള്ളിയും പൊന്നും" ഞങ്ങൾക്കില്ല എന്നു മറുപടി പറഞ്ഞത്. മുടന്തൻ, നസ്രായനായ യേശുവിന്റെ നാമത്തിൽ പൂർണ്ണ സൗഖ്യം നേടി. അവനു ഭിക്ഷ കിട്ടിയില്ല, പിന്നെ കിട്ടിയത് എന്തായിരുന്നു?

പരിശുദ്ധാത്മാവിനെ ലഭിച്ച് ശക്തിയാർജ്ജിച്ച സഭാസമൂഹത്തിന്റെ പ്രവർത്തനശൈലി തുറന്നു കാട്ടുന്നതാണ് ഈ സംഭവം. അവരുടെ നിക്ഷേപങ്ങളും സ്വത്തുക്കളും "ലൗകിക"മായിരുന്നില്ല. ലൗകീകതയും നിസ്വാർത്ഥതയും മാഞ്ഞതിനാൽ അസാധാരണമായ "സ്വാതന്ത്ര്യം" അവർക്കു കൈവന്നിട്ടുണ്ട്. അവരുടെ വാക്കുകളും ആജ്ഞകളും അപ്പാടെ നടപ്പാക്കുന്നത് ഈ സ്വാതന്ത്ര്യത്തിന്റെ പ്രകടനമാണ്. മുടന്തനെ എഴുന്നേല്പിച്ചു നടത്തിയ പത്രോസും യോഹന്നാനും പ്രവർത്തിക്കുന്നത് സ്വന്തനിലയിലല്ല; യേശുവിന്റെ നാമത്തിൽ മാത്രം. അവർ സൗഖ്യദായകരാണെന്നോ, അവരെ സമീപിച്ചാൽ സമസ്ത ദുരിതങ്ങളും മാറുമെന്നോ അവർ അവകാശപ്പെടുന്നില്ല. അങ്ങനെ അവകാശപ്പെട്ടാൽ, അത് അവരുടെ "സ്വന്ത"ത്തിൽനിന്ന് വിതരണം ചെയ്യുകയാണ് എന്ന് വരും. അത്തരം ഒരു സിദ്ധി സ്വന്തമായി അവർക്കില്ലതാനും. ഇക്കാലത്ത് "രോഗശാന്തി" വാഗ്ദാനം ചെയ്തുകൊണ്ട് എല്ലാവരേയും സ്വാഗതം ചെയ്യുന്ന സുവിശേഷശൈലി സാമാന്യമായി കാണുന്നുണ്ടല്ലോ. അതിന്റെ പൊള്ളത്തരം ക്രിസ്തു ശിഷ്യന്മാർ കാണിച്ചു തരുന്നുണ്ട്.

യേശുവിന്റെ ശിഷ്യർ കൃത്യമായി "യാമപ്രാർത്ഥനകൾ" നടത്തിയിരുന്നതായി ഈ സംഭവത്തിൽനിന്ന് ഗ്രഹിക്കാം. ആത്മീകതയിൽ "അൽപ്പസ്വൽപ്പം"ആയാൽപ്പിന്നെ യാമപ്രാർത്ഥനകളോടു വിടപറയുന്ന ശൈലി യഥാർത്ഥ ആത്മീകതയ്ക്ക് അന്യമാണ്. ഒമ്പതാം മണിയുടെ പ്രാർത്ഥനയ്ക്കായി ക്രിസ്തുശിഷ്യർ ദേവാലയത്തിലേക്കു പോവുകയായിരുന്നു. യാമപ്രാർത്ഥനയുടെ ചട്ടംകെട്ട് മുന്നമെ ഉണ്ടായിരുന്നതാണ്. അതിൽ അപരിഷ്കൃതമായോ അസാധാരണമായോ ഒന്നും കണ്ടില്ല. അത് മഹത്തായ ഒരു പാരമ്പര്യ(tradition)ത്തിന്റെ ഭാഗമായിരുന്നു. പരിശുദ്ധാത്മാവു ലഭിച്ചുകഴിഞ്ഞാൽ വിശുദ്ധ പാരമ്പര്യങ്ങളെ തള്ളിക്കളയുകയല്ല, മറിച്ച്, അവയിൽ ഉറപ്പിക്കപ്പെടുകയാണ്.

ക്രിസ്തുശിഷ്യർ, ക്രിസ്തുവിന്റെയും തന്റെ ത്യാഗത്തിന്റെയും നിത്യസാക്ഷികളാകുന്നതിൽ അഭിമാനിച്ചിരുന്നു. അവരുടെ പ്രവർത്തനങ്ങളെപ്പറ്റി "സാക്ഷ്യം"നൽകിയത് മറ്റുമനുഷ്യരായിരുന്നു. അതേരംഗത്ത് അവരുടെ യജമാനനായ ക്രിസ്തു ആയിരുന്നെങ്കിൽ ഇങ്ങനെ തന്നെ പ്രവർത്തിക്കുമായിരുന്നു. അദ്ദേഹത്തോടൊപ്പം കഴിഞ്ഞു കൂടുകയും സഞ്ചരിക്കുകയും ചെയ്തവരിലേക്ക് അതേ ശൈലി സംക്രമിച്ചിരിക്കുന്നു. സ്വന്തബുദ്ധിയിലും പ്രതാപത്തിലുമൂന്നി പ്രവർത്തിക്കുന്നവർ യേശുവിന്റെ സാക്ഷികളല്ല, തങ്ങളുടെ "സ്വന്ത" കാര്യങ്ങളുടെ സാക്ഷികൾ മാത്രം. അതിന്റെ പ്രതിഫലം ഈ ലോകത്തിൽവച്ചുതന്നെ ഒടുങ്ങും.

"വെള്ളിയും പൊന്നും" പ്രതിനിധാനം ചെയ്യുന്ന സമ്പത്തിനാണ് ഇന്നു മനുഷ്യർ മാന്യത കൽപ്പിക്കുന്നത്. സമ്പത്തുള്ളവൻ കേമനായി കരുതപ്പെടുന്നു, നിസ്വൻ അവഗണിക്കപ്പെടുകയും.

ഇക്കാരണത്താൽ പത്രോസും യോഹന്നാനും യഹൂദപ്രമാണികളുടെ അസൂയക്കും ശത്രുതയ്ക്കും പാത്രീഭൂതരായി എന്നു കരുതാം. യഥാർത്ഥ സാക്ഷികൾക്ക് ലഭിക്കുന്ന പ്രതിഫലമാണിത്. അതുകൊണ്ട് ഇങ്ങനെ നിന്ദാപാത്രമാകുന്ന യഥാർത്ഥ ക്രിസ്തുസാക്ഷി മനോഭാരപ്പെടേണ്ടതില്ല - എന്ന പാഠം ഇവിടെ തെളിഞ്ഞുവരുന്നു. മുടന്തൻ തങ്ങളെ സൂക്ഷിച്ചു നോക്കാൻ, പത്രോസും യോഹന്നാനും ആവശ്യപ്പെടുന്നതിന്റെ പൊരുൾ എന്താകാം? ഭിക്ഷ ചോദിക്കുന്നവന് ഒരു ലക്ഷ്യം മാത്രമേയുള്ളൂ. ശ്ലീഹന്മാരെ ഉറ്റുനോക്കിയ മുടന്തന്റെ മനസ്സിൽനിന്ന് അവരുടെ മുഖമൊഴികെ മറ്റെല്ലാ താൽപര്യങ്ങളും അൽപ്പനേരത്തേക്ക് മാഞ്ഞുപോയി! അവിടെ തെളിഞ്ഞുവന്ന "ലക്ഷ്യം" മറ്റെന്തോ ആയിരുന്നു, അവൻ അതുവരെ അറിഞ്ഞിട്ടില്ലാത്തത്. ക്രിസ്തു ശിഷ്യർക്ക് ക്രിസ്തുവിനെ നോക്കിക്കൊണ്ട് യാത്ര ചെയ്യുന്ന "ഏകദൃഷ്ടി" എത്രയോ അനിവാര്യം! ■

## വികാരിയുടെ കത്ത്

# എല്ലാം നന്മയ്ക്കായി ഒരുക്കുന്ന ദൈവം

**ഫാ. പി. ഐ. വർഗ്ഗീസ്**



വിശുദ്ധ വേദ പുസ്തകത്തിന്റെ ആദ്യതാളുകൾ മറിക്കുമ്പോൾ തന്നെ സകലവും നന്മയ്ക്കായി ചെയ്യുന്ന ദൈവത്തിന്റെ ചിത്രമാണ് നാം ദർശിക്കുന്നത്. ഒരുക്കം മനുഷ്യജീവിതത്തിന് അനുപേക്ഷണീയമാണ്. ഒരുങ്ങിയിരിക്കുന്ന ഹൃദയത്തിൽ മാത്രമേ പരിശുദ്ധാത്മാവ് അധിവസിക്കുകയുള്ളു. സൃഷ്ടിയുടെ പ്രാരംഭം മുതൽ ദൈവം മനുഷ്യനെ ഒരുക്കിയത് അവന്റെ നന്മക്കുവേണ്ടി മാത്രമാണ്. ആരും നശിച്ചുപോകാതെ എല്ലാവരും രക്ഷപ്രാപിക്കുവാൻ വേണ്ടിയാണ്: ഒരുക്കത്തിൽ യാതനയുണ്ട്, വേദനയുണ്ട്, കണ്ണീരുണ്ട്, ത്യാഗമുണ്ട്. നമ്മുടെ ആഗ്രഹങ്ങളും താല്പര്യങ്ങളും, ആശകളും, അഭിലാഷങ്ങളും മാറ്റിവച്ച് ദൈവഹിതം ജീവിതമാക്കി മാറ്റണം.

സ്വാനിഷ്ടങ്ങളും, ഇംഗിതങ്ങളും മാറ്റിവച്ച് ദൈവഇഷ്ടം ജീവിതമാക്കിതീർക്കുവാൻ മാസിഡോണിയയിലെ ഫിലിപ്പ് രാജാവിന്റെ മകൻ അലക്സാണ്ടർ ഒരു പബ്ലിക്ക് സ്കൂളിൽ പരിശീലനത്തിന് ചേർന്നു. പരിശീലനത്തിന് ഒടുവിൽ എല്ലാ വിദ്യാർത്ഥികളും ഒരു അഗ്നിപരീക്ഷണത്തിന് വിധേയരാകണം. ഈ അഗ്നിപരീക്ഷ കാണുവാൻ ഫിലിപ്പ് രാജാവും രാജ്ഞിയും എത്തിയിരുന്നു. ജ്വലിക്കുന്ന കല്ക്കരികനലുകൾ ഇരുമ്പ്ചട്ടിയിൽ ഇട്ട് നിശ്ചിത സമയംവരെ ഉള്ളംകൈയിൽ പിടിക്കുന്നതാണ് അഗ്നിശോധന. പരീക്ഷണം ആരംഭിച്ചപ്പോൾ ഒരു കനൽ അലക്സാണ്ടറുടെ തുടയിൽ പതിച്ച് കുറെ മാംസം അടക്കം ദഹിപ്പിച്ചു കളഞ്ഞു. അതുകണ്ട് ഉത്കണ്ഠാകുലയായ മാതാവ് മകനെ രക്ഷിക്കുവാൻ മുന്നോട്ടു കുതിച്ചു. ഫിലിപ്പ് രാജാവ് രാജ്ഞിയെ തടഞ്ഞുകൊണ്ട് പറഞ്ഞു. "നോക്കൂ അവനെ ഞാൻ ശക്തനും ധൈര്യശാലിയുമായ ഒരു നായകനാക്കുവാൻ പരിശീലനത്തിലൂടെ ഒരുക്കുകയാണ്". ഇസ്രായേൽ ജനത്തെ സഹനത്തിലൂടെ ദൈവം ഒരുക്കിയത് ഇസ്രായേൽ തന്റെ ജനവും യഹോവ അവരുടെ ദൈവവും ആകുവാൻ വേണ്ടിയായിരുന്നു. ദൈവത്തെ പൂർണ്ണഹൃദയത്തോടും, പൂർണ്ണ ആത്മാവോടും, പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കാനും കൂടി ആയിരുന്നു.

സുവിശേഷത്തിൽ കർത്താവ് തന്റെ ശിഷ്യന്മാരെ ഒരുക്കുന്നതായി നാം മനസ്സിലാക്കുന്നു. മൂന്നിൽപരം വർഷങ്ങൾക്കു മുമ്പേ ആരംഭിച്ച ഈ ഒരുക്കം അപ്പോസ്തോലന്മാരായി തെരഞ്ഞെടുത്തതു മുതൽ മരണം വരേയും, മരണാനന്തരം ഉത്ഥാനം ചെയ്തപ്പോഴും യേശു തുടരുകയാണ്. ഈ ഒരുക്കത്തിൽ രണ്ട് ഉദ്ദേശ്യങ്ങളാണ് പ്രധാനമായും ഉള്ളത്. ഒന്ന്, യേശു കർത്താവാണെന്ന് ഏറ്റുപറയുവാൻ. രണ്ട്, മത്സ്യം പിടിക്കുന്നവരെ മനുഷ്യരെ പിടിക്കുന്നവരാക്കുവാൻ.

രണ്ടു പ്രാവശ്യം പ്രത്യക്ഷപ്പെട്ടുവെങ്കിലും പ്രതീക്ഷിക്കാത്തത് സംഭവിച്ചതിനാൽ ശിഷ്യന്മാരുടെ ഉള്ളിൽ നിരാശ ഉണ്ടാകുകയും അവർ ഒരുക്കം മറന്ന് പഴയ തൊഴിലിലേക്ക് ചേക്കേറുകയുമാണുണ്ടായത് (യഹോവ: 21:3). എന്നാൽ യേശുനാഥൻ തങ്ങളുടെ കർത്താവും ദൈവവുമാണെന്ന് വെളിപ്പെടുത്തുവാൻ വേണ്ടി അവരെ വീണ്ടും മനുഷ്യരെ പിടിക്കുന്നവരാക്കുവാൻ നന്നായി ഒരുക്കുന്ന സംഭവം, ദൈവിക ആവിഷ്ക്കാരങ്ങളുടെ മർമ്മം സുവിശേഷത്തിലൂടെ ശാശ്വതീകരിക്കുകയാണ്.

ഒരുക്കത്തിന്റെ ഭാഗമായി യേശു ശിഷ്യന്മാരോട് ചോദിച്ചു. "കുഞ്ഞുങ്ങളെ നിങ്ങളുടെ പക്കൽ മീൻ വല്ലതുമുണ്ടോ" (യഹോവ 21:5) ഒന്നുമില്ല എന്ന് പറഞ്ഞതിന് പടകിന്റെ വലതു ഭാഗത്ത് വലവീശുവാൻ ആജ്ഞാപിക്കുന്നു. ഇത്രയും പറഞ്ഞിട്ടും അത് യേശുവാണെന്ന് ആ ഏഴംഗ ശിഷ്യഗണത്തിന് തിരിച്ചറിയുവാൻ കഴിയുന്നില്ല. കാരണം അവരുടെ അകക്കണ്ണ് അപ്പോഴും അടഞ്ഞിരുന്നു. യേശുവിനെ അറിയാഞ്ഞിട്ടും യേശുവിന്റെ വാക്കിന് വല വീശിയപ്പോൾ പെരുത്ത മത്സ്യക്കൂട്ടം കണ്ട് ശിഷ്യന്മാർ അന്ധാളിച്ചു. ഈ അത്ഭുതം ചെയ്യാൻ കഴിയുന്നവൻ ഞങ്ങളെ വിട്ടുപോയ യേശുവല്ലാതെ മറ്റാരും അല്ല എന്ന് വിശ്വാസവെളിച്ചം അവർക്ക് ലഭിക്കുന്നു.

അത് കർത്താവാണെന്ന് ഏറ്റുപറയുന്നവനുമാത്രമേ മനുഷ്യനെ പിടിക്കാനാകൂ. യേശു ശിഷ്യന്മാരെ അവരുടെ നന്മക്കുവേണ്ടി ഒരുക്കി. വീണ്ടും വീണ്ടും ദൈവം പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കും. വീണ്ടും വീണ്ടും ദൈവം നമ്മെ ഒരുക്കിക്കൊണ്ടിരിക്കും. മത്സ്യങ്ങളെ പിടിക്കുന്നതിൽ നിന്നും മനുഷ്യരെ പിടിക്കുന്നതുവരെ.... ■

## എഡിറ്റോറിയൽ

# തൻകാര്യം

"മോനെ നിന്റെ കാര്യം നീ തന്നെ നോക്കിക്കൊള്ളണം. മറ്റാർക്കും നിന്റെ കാര്യത്തിൽ താൽപര്യം ഉണ്ടായിരിക്കുകയില്ല". – അച്ഛനമ്മമാർ സാധാരണ മക്കൾക്കു കൊടുക്കാറുള്ള ഒരുപദേശം. ഇതൊന്നു മാറ്റിചിന്തിപ്പിക്കുവാൻ കാലങ്ങളായി ചിലരെങ്കിലും ശ്രമിക്കുന്നുണ്ടെന്നുള്ളതു വാസ്തവം. യേശുക്രിസ്തുവിന്റെ കാലം മുതലെങ്കിലും "ഒരോരത്തർ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം (ഫിലി. 2:4)" എന്ന ആശയം പ്രചരിപ്പിക്കുവാൻ ശ്രമിച്ചിരുന്ന ക്രിസ്തുശിഷ്യരെ നമുക്കു കാണുവാൻ കഴിയും.

ഏബ്രഹാം ലിങ്കണിനെക്കുറിച്ച് ഒരു കഥയുണ്ട്. ലിങ്കന്റെ അടുത്ത വീട്ടിൽ താമസിച്ചിരുന്ന ഒരാൾ കുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ട് പുറത്തേക്കു നോക്കി. കരയുന്ന രണ്ടു കുട്ടികളെയും പിടിച്ചുകൊണ്ട് ലിങ്കൺ കടന്നു പോകുന്നതുകണ്ട് അയൽപക്കക്കാരൻ കാര്യമന്വേഷിച്ചു. ലിങ്കന്റെ തമാശയോടെയുള്ള ഉത്തരം ഇങ്ങിനെയായിരുന്നു. "ലോകത്തെവിടെയുമുള്ള പ്രശ്നം തന്നെ. എന്റെ കയ്യിൽ മൂന്നു വാൾനട്ടുകളുണ്ട്. കുഞ്ഞുങ്ങൾക്ക് രണ്ടു പേർക്കും രണ്ടെണ്ണം വീതം വേണം താനും"

നാമെല്ലാവരും തൻകാര്യക്കാർ തന്നെയാണ്. നമ്മുടെ കാര്യം നാം നോക്കിയില്ലെങ്കിൽ പിന്നെ ആരു നോക്കുമെന്നാണ് എല്ലാവരുടേയും ചിന്ത. നമ്മിൽ ഓരോരുത്തരും കൂട്ടുകാരനെ പ്രസാദിപ്പിക്കണമെന്നും, ക്രിസ്തുവും തന്നിൽ തന്നെ പ്രസാദിച്ചില്ല എന്നും (റോമൻ 15: 2,3) വേദപുസ്തകത്തിൽ പിന്നെയും കാണുന്നുണ്ട്. യേശുക്രിസ്തു ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയിൽ ഞാൻ എന്നോ, എനിക്കെന്നോ, ഒരു പദം ഒരിടത്തും കാണുന്നില്ല. എല്ലായിടത്തും ഞങ്ങൾ എന്ന പദമാണ് കാണുന്നത്. ഞങ്ങളുടെ പിതാവേ എന്നു പറയുമ്പോൾതന്നെ നമ്മുടെ കൂടെയുള്ളവരും ദൈവത്തോട് അടുക്കുകയാണാവശ്യം. ഞാൻ എന്നോ, എനിക്ക് എന്നോ ഒരു പദം ആ പ്രാർത്ഥനയിൽ കർത്താവ് ഒരിടത്തും ഉപയോഗിച്ചിട്ടില്ല. ഞങ്ങൾക്കാവശ്യമുള്ള ആഹാരം തരണമെന്നും, ദുഷ്ടനിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമെന്നുമാണ് പഠിപ്പിച്ചിരിക്കുന്നത്.

നാം ഒരുവിധത്തിലും സ്വാർത്ഥമായി ചിന്തിക്കുകപോലും ചെയ്യരുതെന്നു വിചാരിച്ചാണ് കർത്തൃപ്രാർത്ഥനയിൽ ഈ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത്. നമ്മുടെ ആവശ്യങ്ങൾ അവതരിപ്പിക്കുമ്പോഴും, നമ്മുടെ ദൈനംദിന ആവശ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോഴും, നാം മറ്റുള്ളവരെക്കൂടി ഓർക്കുക എന്നത് നിർബന്ധമായി പാലിക്കേണ്ടിയിരിക്കുന്നു.

ഒരിക്കൽ ഗുരുതരമായ ടൈഫോയിഡ് പിടിപെട്ട് മരിക്കാറായി കിടന്ന ഒരു ബാലൻ അവന്റെ അമ്മ അടുത്തിരുന്നു ശുശ്രൂഷിക്കുന്നതു കണ്ടിട്ടിങ്ങ് അമ്മയോടിങ്ങിനെ പറഞ്ഞു. "അമ്മേ അമ്മേ എഴുന്നേറ്റു പൊയ്ക്കൊൾക. എന്റെ അടുത്തിരുന്നാൽ അമ്മയ്ക്കും അസുഖം വരും". ആ ബാലന് അവനെക്കാൾ ചിന്ത അവന്റെ അമ്മയെക്കുറിച്ചായിരുന്നു. ഈ അവസ്ഥയാണ് നമുക്കും ഉണ്ടാകേണ്ടത്. ■





## കുടുംബ വിശേഷങ്ങൾ

### എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിലെ 2015–16 ലെ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ

| | | | | | |
|---|---|---|---|---|---|
| Rev. Fr. P I Varghese | Vicar | 9447364119 | Anil K Koshy | | 9446546449 |
| Rev. Fr. O J Jacob | Asst. Vicar | 9447217956 | Jacob P | | 9388640554 |
| Rev. Fr. Alex P George | Asst. Vicar | 9495036433 | Elias P Varghese | | 9447133956 |
| Daniel Oommen | Trustee | 9446396033 | Abhilash K A | | 9847544155 |
| V N Philipose | Secretary | 9446032614 | Koshy Cherian | | 9995531829 |
| Prince Chandy | | 9446388119 | Smt. Maya Mathews | | 8606128800 |
| C K Thomas | | 9633338973 | Smt. Sheila Philip | | 9349253990 |
| Babu Mathew K | | 9446692431 | Smt. Mercy Edwin | | 9447972228 |
| Simon T P | | 9447184865 | Varghese A T | Internal Auditor | 9446409656 |
| Cherian Thomas | | 8089225078 | Petson Peter | Internal Auditor | 9846187320 |

### സംയുക്ത പ്രാർത്ഥനായോഗം – കത്തീഡ്രലിൽ





സംയുക്ത പ്രാർത്ഥനായോഗം മെയ് 31–ാം തീയതി കത്തീഡ്രലിൽ നടന്നു. റവ. ഫാ. മത്തായി ഇടയനാൽ മുഖ്യ പ്രഭാഷകനായിരുന്നു. പ്രാർത്ഥനായോഗങ്ങൾ ഇടവകാംഗങ്ങൾക്ക് വളരെ പ്രയോജനപ്രദമാകുന്നുണ്ട്. സംയുക്തയോഗങ്ങളിൽ പുറമെ നിന്ന് നല്ല പ്രാസംഗികരെ കൊണ്ടുവരുവാൻ സംഘാടകർ ശ്രദ്ധിക്കുന്നുണ്ട്. ഇടവകാംഗങ്ങൾ ഇങ്ങിനെയുള്ള സൗകര്യങ്ങൾ കൂടുതൽ ഉപയോഗപ്രദമാക്കാൻ ശ്രമിക്കണം.

### മാമോദീസാ

എറണാകുളം നോർത്ത് അരിംബൂർഹൗസ് ശ്രീ കുര്യന്റെയും ശ്രീമതി മഞ്ജുവിന്റെയും മകൾ **Jess Mary Kurian** 2–5–2015 ൽ മാമോദീസാ സ്വീകരിച്ചു.

എറണാകുളം സ്പൈസസ് സ്ട്രീറ്റിൽ നടക്കാവിൽ ശ്രീ. Neil ന്റെയും ശ്രീമതി Shalin ന്റെയും മകൻ **ആന്റണി** 9–5–2015 ൽ മാമോദീസാ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

### വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | June 14 - 07.00 am, June 21 - 10.30 am, June 28 - 07.00 am, July 05 - 10.30 am |
| സെമിത്തേരിമുക്ക് ചാപ്പൽ: | June 21 - 07.30 am, July 05 - 07.30 am |
| | എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 am |

### കത്തീഡ്രൽ ഫാമിലി അസോസിയേഷൻ



ഫാമിലി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മെയ് 12–ാം തീയതി തൃശൂർ ആയൂർ ബതാനിയ സന്ദർശിക്കുകയുണ്ടായി. BRD Group–ന്റെ ഉപസ്ഥാപനമായ ആയുർവേദ റിസോർട്ടാണ് "ആയൂർ ബതാനിയ". സംഘാംഗങ്ങൾക്ക് വളരെ ഉല്ലാസപ്രദമായി ഒരു ദിവസം ചെലവഴിക്കാൻ സാധിച്ചു.

### പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area) 07-06-2015, 4 PM**
**Mr. V.V. Varghese**
No.17, Subhash Nagar, Edapally
Mob: 9447047238, Ph: 2347238

**St. Mary's Unit (Central Area) 14-06-15, 4 PM**
**Mr. Itoop C. Chungath**
Chungath House, T.D Road
Mob: 9446206364, Ph: 2368763

**St. Thomas Unit (North-Pachalam Area) 21-06-2015, 4 PM**
**Mr. V.A. Abraham**
Valloorikkal House, Kolarikkal Road, South Chittoor
Mob: 9895495598, Ph: 2430595

**St. Gregorious (Elamkulam-Kadavanthra Area) 28-06-2015, 4 PM**
**Mr. A.P. Varghese**
Merrylal Bhavan, K.P. Vallon Road, Kadavanthra
Mob: 9447325558, Ph: 2322183

### വിശേഷ ദിവസങ്ങൾ

| | | |
|---|---|---|
| ജൂൺ | 16 ചൊവ്വ | ശ്ലീഹാ നോമ്പാരംഭം |
| | 29 തിങ്കൾ | ശ്ലീഹാ നോമ്പുവീടൽ, പത്രോസ് പൗലോസ് ശ്ലീഹാന്മാരുടെ ഓർമ്മ |
| | 30 ചൊവ്വ | പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ |
| ജൂലൈ | 3 വെള്ളി | വി.മാർത്തോമാശ്ലീഹായുടെ ഓർമ്മ |

### നിര്യാതയായി



ഇടപ്പള്ളി, 17–സുബാഷ്നഗറിൽ ശ്രീ. വി.വി. വർഗീസിന്റെ ഭാര്യ ശ്രീമതി **സാറാമ്മ വർഗ്ഗീസ്** 29–05–2015 ൽ നിര്യാതയായി. 4–6–2015 ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*





### വിവാഹം



പനമ്പിള്ളിനഗർ പുരയ്ക്കൽ ഡോ. മാമ്മൻ അലക്സാണ്ടറിന്റെയും ശ്രീമതി ശോഭ മാമ്മന്റെയും മകൻ **അലക്സാണ്ടർ മാമ്മനും,** കോട്ടയം പാറമ്പുഴ തേക്കുങ്കൽ ശ്രീ കുര്യൻ ടി. കുരുവിളയുടെയും ശ്രീമതി നിമ്മി കുര്യന്റെയും മകൾ **നിത്യ**യും തമ്മിലുള്ള വിവാഹം 10–5–2015 ൽ കത്തീഡ്രലിൽ നടന്നു.

എളംകുളം കുമാരനാശാൻ റോഡിൽ ഇഞ്ചക്കലോടിൽ ശ്രീ. അലക്സ് തോമസിന്റെയും ശ്രീമതി സുജ അലക്സിന്റെയും മകൻ **Shyam** – ഉം, ചങ്ങനാശ്ശേരി മുക്കാടൻ വീട്ടിൽ ശ്രീ. ജോച്ചന്റെയും ശ്രീമതി ലാലിയുടെയും മകൾ **Vilma** – യും തമ്മിലുള്ള വിവാഹം 9–5–2015 ൽ കത്തീഡ്രലിൽ നടന്നു.

എറണാകുളം നോർത്ത് അരിംബൂർ വീട്ടിൽ പരേതനായ ശ്രീ. എ.കെ. ചിന്നന്റേയും ശ്രീമതി സി.കെ. ജസ്സിയുടെയും മകൻ **Jacob** – ഉം, കാഞ്ഞിരമറ്റം ചാത്തോത്ത് ശ്രീ. ഏലിയാസ് സി. ജോണിന്റെയും ശ്രീമതി മിനി ഏലിയാസിന്റെയും മകൾ **Anjaly** – യും തമ്മിലുള്ള വിവാഹം 10–5–2015 ൽ കത്തീഡ്രലിൽ നടന്നു.

എറണാകുളം അയ്യപ്പൻകാവ് ചീരൻസിൽ ശ്രീ. സി.ഐ. മോഹന്റെയും ശ്രീമതി സിൽവിയുടെയും മകൻ ശ്രീ. **Vijo Cheeran** – ഉം, കുന്നംകുളം പാഴുണ്ണൻ ശ്രീ. മാത്യുസിന്റെയും ശ്രീമതി ലിജിയുടെയും മകൾ **Christy P. Mathews** – ഉം തമ്മിലുള്ള വിവാഹം 10–5–2015 ൽ കത്തീഡ്രലിൽ നടന്നു.

എറണാകുളം സൗത്ത് മീനത്തേതിൽ ശ്രീ. എം. റ്റി. സാമുവലിന്റെയും ശ്രീമതി വത്സ സാമുവലിന്റെയും മകൻ ശ്രീ. **Renju**–ഉം, കോട്ടയം കളത്തിപടിവാലയിൽ ശ്രീ. വി. ജേക്കബ് ജോണിന്റെയും ശ്രീമതി അനില ജേക്കബിന്റെയും മകൾ **Asha** – യും തമ്മിലുള്ള വിവാഹം 11–5–2015 ൽ കത്തീഡ്രലിൽ നടന്നു.

പള്ളിക്കര നീറാൻമംഗൽ ശ്രീ. എൻ.സി. ചെറിയാന്റെയും ശ്രീമതി മിനി ചെറിയാന്റെയും മകൻ **Manu Cherian** – ഉം, താമരശ്ശേരി മേക്കാവ് Njattuthottiyil പരേതനായ ശ്രീ. ജോർജ്ജ് ഫിലിപ്പിന്റെയും ശ്രീമതി ആനി ജോർജ്ജിന്റെയും മകൾ **Anju George** – ഉം തമ്മിലുള്ള വിവാഹം 25–5–2015 ൽ കത്തീഡ്രലിൽ നടന്നു.

എറണാകുളം അമൂല്യ സ്ട്രീറ്റ് അയ്യൻകുളങ്ങര പരേതനായ ശ്രീ. എ.കെ. എഡിസന്റെയും ശ്രീമതി താരാ എഡിസന്റെയും മകൻ **Yashin** – ഉം, ചെന്നിത്തല തെക്കേവീട്ടിൽ ശ്രീ. പ്രസാദ് സാമിന്റെയും ശ്രീമതി സിനി സാറാ പ്രസാദിന്റെയും മകൾ **Laveena** – യും തമ്മിലുള്ള വിവാഹം 31–5–2015 ൽ കത്തീഡ്രലിൽ നടന്നു.

തൃപ്പൂണിത്തുറ പേട്ട കാഞ്ഞിരത്തിങ്കൽ ശ്രീ. കെ. ജോസ് മാത്യുവിന്റെയും ശ്രീമതി ജയിൻ ജോസഫിന്റെയും മകൾ **Julia Jose** – ഉം, വളയൻചിറങ്ങര കൊല്ലറമാലിൽ ശ്രീ. കെ.കെ. പൗലോസിന്റെയും ശ്രീമതി ശോശാമ്മ പൗലോസിന്റെയും മകൻ **George K. Paul** – ഉം തമ്മിലുള്ള വിവാഹം 10–5–2015 ൽ വളയൻചിറങ്ങര സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയിൽ നടന്നു.

തൃപ്പൂണിത്തുറ മങ്ങാരേത്ത് ശ്രീ.എം.എം. മാത്യുവിന്റെയും ശ്രീമതി ലിസി മാത്യവിന്റെയും മകൻ **വിപിൻ ജോൺ മാത്യു**വും, രായമംഗലം കാക്കോലിൽ ശ്രീ. കെ.ഐ. ജോർജ്ജിന്റെയും ശ്രീമതി ചിന്നമ്മ ജോർജ്ജിന്റെയും മകൾ **നിത്യ ജോർജ്ജും** തമ്മിലുള്ള വിവാഹം 24–5–2015 ൽ വൈറ്റില സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*



ഈ വർഷത്തെ CBSE 10–ാം ക്ലാസ്സ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A1 നേടിയ **AEMI SUSAN SABU**



2015 മാർച്ചിൽ നടത്തിയ Plus 2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ **DIYA NINAN**



അഖിലകേരള ബാലജനസഖ്യം എറണാകുളം മേഖലയിൽ തൃപ്പൂണിത്തുറ യൂണിയനിൽ ബാലദീപം ശാഖാംഗമായ **സിറിൾ ഫിലിപ് ചാക്കോ** കേന്ദ്ര എക്സിക്യൂട്ടിവ് കമ്മിറ്റിയംഗമായി തിരഞ്ഞെടുക്കപ്പെട്ടു.

*പാരിഷ് ന്യൂസിന്റെ അഭിനന്ദനങ്ങൾ*

## ഒ.വി. ഏലിയാസച്ചൻ – പരിഭവങ്ങളില്ലാതെ ദൈവത്തിനു സമർപ്പിച്ച 50 വർഷം









ബഹു. ഒ.വി. ഏലിയാസച്ചന്റെ പട്ടത്ത്വത്തിന്റെ അൻപതാം വാർഷികം കത്തീഡ്രലിൽ ആഘോഷിച്ചു. മെയ് 17–ാം തീയതി രാവിലെ ഒരു കുർബ്ബാന മാത്രമെ ഉണ്ടായിരുന്നുള്ളൂ. കുർബ്ബാന ശേഷം പള്ളിയിൽ ചേർന്ന യോഗത്തിൽ അച്ചനെ അനുമോദിച്ചുകൊണ്ട് ഇടവകാംഗങ്ങളെ പ്രതിനിധീകരിച്ച് ശ്രീ. ബാബു മാത്യു സംസാരിച്ചു. ആത്മീയ സംഘടനകൾ ഉപഹാരങ്ങൾ നൽകി. വികാരിയായിരുന്നപ്പോൾ പള്ളിയിലെ അച്ചടക്കത്തെപ്പറ്റിയും, ഇടവകക്കുണ്ടായ ഉയർച്ചയെപ്പറ്റിയും സംസാരിച്ചവരെല്ലാം അച്ചനെ പ്രശംസിച്ചു. സ്വീകരണത്തിന് അച്ചൻ സമുചിതമായി മറുപടി നൽകി. മീറ്റിങ്ങിനുശേഷം എല്ലാവരും പ്രഭാതഭക്ഷണം കഴിച്ച് മടങ്ങി.